MUZIRIS PROJECTS Ltd

(Dept.of Tourism, Govt. Of Kerala)
Muziris International Research & Convention Centre
Pullut P.O., Kodungallur, Thrissur
Ph: 0480 2807717 Email- muziris.tsm@kerala.gov.in

Form No :

Passport size Photograph

ദർഘാസ് വിവരങ്ങൾ

1	ദർഘാസ് നമ്പർ	**MPL-195/17(A)**
2	ഫോറം വില	**Rs. 100/-** + **GST** (നൂറ് രൂപ + ജി.എസ്.ടി.) (വില തിരികെനൽകുന്നതല്ല)
3	ദർഘാസ് സമർപ്പിക്കേണ്ട വിലാസം	മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രോജെക്ട്സ് ലിമിറ്റഡ്, പുല്ലൂറ്റ് പി ഓ. കൊടുങ്ങല്ലൂർ, തൃശൂർ- **680663**/
4	നിരതദ്രവ്യം (ഡിമാൻഡ് ഡ്രാഫ്റ്റ് ആയി മാത്രം)	**Rs. 2,000/-** (രണ്ടായിരം രൂപ) (ഡിമാൻഡ് ഡ്രാഫ്റ്റ് ഓഫീസിൽ ഹാജരാക്കി രസീത് കൈപ്പറ്റേണ്ടതാണ്)
5	കരാർകാലാവധി	**4 വർഷം**
9	ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി	**11.11.2026 ഉച്ചയ്ക്ക് 1 മണി**
10	ദർഘാസ് തുറക്കുന്ന തീയതി	**11.11.2026 ഉച്ചയ്ക്ക് 2 മണി**
11	തിരിച്ചറിയൽ രേഖ	**ആധാർ കാർഡ്/ ഇലക്ഷൻ ഐ.ഡി. കാർഡ്** (സ്വയം സാക്ഷ്യപ്പെടുത്തിയത്)

ടെണ്ടർ ഫോം

ടെണ്ടർ സമർപ്പിക്കുന്ന കടമുറിയുടെ നമ്പർ : KWF/2 B

1	ദർഘാസ് സമർപ്പിക്കുന്നയാളുടെ / സ്ഥാപനത്തിന്റെ പേര് (മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തുക)		
2	പൂർണ്ണമായ സ്ഥിരം മേൽവിലാസം		
3	തപാൽ വിലാസം		
4	ജനന തീയതി ,വയസ്സ്		
5	ഫോൺ നമ്പർ		
6	ഇ-മെയിൽ വിലാസം		
7	ആധാർകാർഡ് നമ്പർ		
8	പാൻ കാർഡ് നമ്പർ		
9	മിനിമം ടെണ്ടർ വാല്യൂ	**9,000/-** രൂപ	
10	നിരതദ്രവ്യം	ഡിമാൻഡ് ഡ്രാഫ്റ്റ് നമ്പർ, ബാങ്കിന്റെ പേര്	തീയതി

	Rs. 2,000/- (രണ്ടായിരം)		
10	അപേക്ഷകൻ നൽകുന്ന പ്രതിമാസ വാടക തുക (തുക അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തുക.) **NB:** മിനിമം തുകയിൽ താഴെ വാടക രേഖപ്പെടുത്തിയ ദർഘാസ് അംഗീകരിക്കുന്നതല്ല.)	**Rs.** **(Excluding GST)** അക്ഷരത്തിൽ **(Excluding GST)**	
11	കടമുറിയുടെ ഉപയോഗം		
12	ദർഘാസ് സമർപ്പിക്കുന്ന തീയതിയും സമയവും		

സത്യപ്രസ്താവന

എന്റെ വ്യക്തിഗത വിവരങ്ങൾ സംബന്ധിച്ച് മുകളിൽ കൊടുത്തിട്ടുള്ള വസ്തുതകളും വിവരങ്ങളും സമ്പൂർണ്ണവും സത്യവുമാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ദർഘാസ് ഫോറത്തിനൊപ്പമുള്ള മുസിരിസ് പൈതൃക പദ്ധതിയുടെ ദർഘാസ് ഉപാധികളും വ്യവസ്ഥകളും ഞാൻ വ്യക്തമായും പൂർണ്ണമായും വായിച്ചു മനസിലാക്കിയിട്ടുള്ളതും ആയത് മുഴുവൻ അംഗീകരിച്ച് ഈ ദർഘാസ് സമർപ്പിച്ചിട്ടുള്ള തുമാണ്.

പേര് **ഒപ്പ്**

മേൽവിലാസം **തീയതി**

വ്യവസ്ഥകൾ/നിബന്ധനകൾ

1. ദർഘാസ് ഫോറം

b) ദർഘാസ് ഫോറം വില – **100 + GST** രൂപ (വില തിരികെ നൽകുന്നതല്ല.)

c) കടമുറിക്ക് വേണ്ടി ഒരാൾക്ക് /ഒരു സ്ഥാപനത്തിന് ഒരു ദർഘാസ് മാത്രമേ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

d) ദർഘാസ് ഫോറം കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല.

e) ടെണ്ടറുകൾ ദർഘാസ് നോട്ടീസിൽ/ദർഘാസ് ഫോറത്തിൽ സൂചിപ്പിച്ചിട്ടുള്ള സമയത്തിനു മുൻപായി മുസിരിസ് പൈതൃക പദ്ധതിയുടെ ഓഫീസിൽ നേരിട്ട് എത്തിക്കുകയോ മുസിരിസ് പൈതൃക പദ്ധതി, പുല്ലൂറ്റ് പി ഓ, കൊടുങ്ങല്ലൂർ, തൃശൂർ-**680663** എന്ന വിലാസത്തിൽ സാധാരണ തപാലിൽ അയക്കുകയോ ചെയ്യാവുന്നതാണ്.

f) ദർഘാസ് സമർപ്പിക്കുന്ന കവറിനു മുകളിലായി **Quotation for KWF Shop No.2B** എന്ന് നിർബന്ധമായും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

g) ദർഘാസ് സമർപ്പിക്കുന്ന കവറിനു മുകളിലായി ദർഘാസ് സമർപ്പിക്കുന്നയാളുടെ പേര്, പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ എന്നിവ നിർബന്ധമായും എഴുതേണ്ടതാണ്.

h) ദർഘാസ് നോട്ടീസിൽ/ദർഘാസ് ഫോറത്തിൽ പറഞ്ഞിട്ടുള്ളതോ പ്രത്യേക കാരണങ്ങളാൽ മുസിരിസ് പൈതൃക പദ്ധതി നിശ്ചയിച്ചിട്ടുള്ളതോ ആയ സമയം കഴിഞ്ഞ് യാതൊരു കാരണ വശാലും ദർഘാസ് ഫോറം സ്വീകരിക്കുന്നതല്ല.

i) ദർഘാസ് സ്വീകരിക്കേണ്ട അവസാന ദിവസം ഏതെങ്കിലും കാരണവശാൽ സർക്കാർ പൊതു അവധി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം പകൽ **12.30** മണി വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്.

j) ദർഘാസ് ഫോറത്തിലെ എല്ലാ ഭാഗങ്ങളും നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്.

k) ദർഘാസ് ഫോറത്തിന്റെ എല്ലാ പേജുകളിലും ദർഘാസ് സമർപ്പിക്കുന്നയാളുടെ പേര്, ഒപ്പ് തീയതി എന്നിവ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

l) അപൂർണ്ണമായതോ, വെട്ടി തിരുത്തലുകൾ ഉള്ളതോ, ദർഘാസ് ഫോറത്തിൽ പറഞ്ഞിട്ടുള്ള അനുബന്ധ രേഖകൾ സമർപ്പിച്ചിട്ടില്ലാത്തതോ ആയ ദർഘാസുകൾ അംഗീകരിക്കുന്നതല്ല.

m) ഓരേ നിറത്തിലുള്ള മഷി ഉപയോഗിച്ച് മാത്രമേ ദർഘാസ് ഫോറം പൂരിപ്പിക്കാൻ പാടുള്ളൂ.

n) ദർഘാസിൽ ഒന്നാം സ്ഥാനത്ത് വരുന്നയാൾ ദർഘാസ് തുറക്കുന്ന ദിവസം വൈകീട്ട് 4 മണിക്ക് മുമ്പായി മൂന്ന് മാസത്തെ ക്വോട്ട് ചെയ്ത തുക അടക്കേണ്ടതാണ്. അല്ലാത്ത പക്ഷം അവരുടെ അവകാശം നഷ്ടപ്പെടുകയും രണ്ടാമത് ക്വോട്ട് ചെയ്തവരെ പരിഗണിക്കുന്നതുമാണ്. അവരും അന്നേദിവസം മൂന്ന് മാസത്തെ ക്വോട്ട് ചെയ്ത തുക അടക്കേണ്ടതാണ്.

o) ദർഘാസിൽ ഒന്നാം സ്ഥാനത്ത് വരുന്നയാൾ ദർഘാസിൽ നിന്ന് പിൻമാറുകയോ, നിശ്ചിത ദിവസത്തിനുള്ളിൽ കരാർ ഒപ്പ് വയ്ക്കാതിരിക്കുകയോ, ഏതെങ്കിലും കാരണവശാൽ ടിയാനെ ഒഴിവാക്കുകയോ ചെയ്താൽ തൊട്ടടുത്ത സ്ഥാനക്കാരന്റെ ദർഘാസ് പരിഗണിക്കുന്നതിനോ പരിഗണിക്കാതിരിക്കുന്നതിനോ പുനർ ദർഘാസ് നടത്തുന്നതിനോ മുസിരിസ് പൈതൃക പദ്ധതി, മാനേജിംഗ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

p) കടമുറി നിലവിലെ അവസ്ഥയിലാണ് ടെണ്ടർ ചെയ്യുന്നത്.

2. നിരതദ്രവ്യം

a) ദർഘാസിൽ പങ്കെടുക്കുന്നവർ **Rs. 2,000**/- (രണ്ടായിരം രൂപ) നിരതദ്രവ്യമായി അടയ്ക്കേണ്ടതാണ്. ആയതിന് ഏതെങ്കിലും നിലയിലുള്ള പലിശ മുസിരിസ് പൈതൃക പദ്ധതി നൽകുന്നതല്ല.

b) നിരതദ്രവ്യം മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രോജെക്ട്സ് ലിമിറ്റഡ്, പുല്ലൂറ്റ് പി ഓ, കൊടുങ്ങല്ലൂർ, തൃശൂർ എന്ന പേരിൽ **HDFC BANK Lokamalleswaram, Vadakkenada, Kodungallur** ബ്രാഞ്ചിൽ മാറാവുന്ന **Rs. 2,000**/- (രണ്ടായിരം) രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് (ഡി.ഡി) ആയി മാത്രം സമർപ്പിക്കേണ്ടതാണ്.

c) ഡിമാൻഡ് ഡ്രാഫ്റ്റ് (നിരതദ്രവ്യം) ദർഘാസിനോടൊപ്പം കവറിൽ സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം സമർപ്പിക്കാത്ത പക്ഷം ടി ദർഘാസ് നിരസിക്കുന്നതാണ്.

d) ദർഘാസിൽ പങ്കെടുക്കുന്നതിനായി നിരതദ്രവ്യം സമർപ്പിച്ചിട്ടുള്ളവരിൽ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ വന്നിട്ടുള്ളവർ ഒഴിച്ചുള്ളവർക്ക് ദർഘാസ് നടപടികൾ പൂർത്തിയായ ശേഷം നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

e) ദർഘാസിൽ പങ്കെടുത്തവരിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ വരുന്നവരുടെ നിരദ്രവ്യം ടി ദർഘാസ് പ്രകാരം ഒന്നാം സ്ഥാനത്ത് വരുന്നയാൾ കരാർ ഒപ്പ് വച്ചതിനുശേഷം മാത്രം തിരികെ നൽകുന്നതാണ്.

3. സെക്യൂരിറ്റി ഡിപ്പോസിറ്റ്

a) ദർഘാസിൽ പങ്കെടുത്തവരിൽ ഒന്നാം സ്ഥാനത്ത് വരുന്നയാൾ കരാർ ഒപ്പ് വയ്ക്കുന്നതിന് മുൻപായി ആറുമാസത്തെ വാടക തുക സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി അടക്കേണ്ടതാണ്. ആയതിന് ഏതെങ്കിലും നിലയിലുള്ള പലിശ മുസിരിസ് പൈതൃക പദ്ധതി നൽകുന്നതല്ല.

b) സെക്യൂരിറ്റി ഡിപ്പോസിറ്റ് മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രോജെക്ട്സ് ലിമിറ്റഡ്, പുല്ലൂറ്റ് പി ഓ, കൊടുങ്ങല്ലൂർ, തൃശൂർ എന്ന പേരിൽ **HDFC BANK Lokamaleswaram, Vadakkenada, Kodungallur** ബ്രാഞ്ചിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ മുസിരിസ് പൈതൃക പദ്ധതിയുടെ അക്കൗണ്ട് വഴി **NEFT/RTGS** ആയി പണം അയക്കുകയോ ചെയ്യേണ്ടതാണ്.

c) കരാർ കാലയളവിൽ വാടക കരാർ പ്രകാരമുള്ള വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കുന്നയാൾക്ക് കരാർ കാലാവധി പൂർത്തിയായ ശേഷം സെക്യൂരിറ്റി ഡിപ്പോസിറ്റ് തുക അക്കൗണ്ട് വഴി മാത്രം തിരികെ നൽകുന്നതും കരാർ വ്യവസ്ഥകൾ ലംഘിക്കുന്നവരുടെയും, കരാർ കാലാവധി പൂർത്തിയാകുന്നതിന് മുൻപായി കടമുറി ഒഴിയുന്നവരുടെയും, സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടുന്നതുമാണ്.

d) സെക്യൂരിറ്റി ഡിപ്പോസിറ്റ് തുക വാടകയായി കണക്കാക്കുന്നതല്ല.

4. വാടക

a) ദർഘാസ് ഫോറത്തിൽ ദർഘാസ് സമർപ്പിക്കുന്നയാൾ കടമുറിക്ക് പ്രതിമാസ വാടകയാണ് രേഖപ്പെടുത്തേണ്ടത്.

b) ഫോറത്തിൽ രേഖപ്പെടുത്തുന്ന വാടക തുക അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

c) ഏറ്റവും ഉയർന്ന തുക വാടകയായി രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് അംഗീകരിക്കുന്നതായിരിക്കും.

d) അക്കത്തിലും അക്ഷരത്തിലും വാടക തുക എഴുതിയിട്ടുള്ളതിൽ വ്യത്യാസമുള്ള പക്ഷം അക്ഷരത്തിൽ എഴുതിയിരിക്കുന്നതായിരിക്കും അന്തിമമായി പരിഗണിക്കപ്പെടുന്നത്.

e) ദർഘാസിൽ രേഖപ്പെടുത്തിയിട്ടുള്ള ആദ്യ വർഷത്തെ മാസവാടകയുടെ **10%** വീതം വർദ്ധനവ് തുടർന്നു ള്ള **3** വർഷങ്ങളിലും നൽകേണ്ടതാണ്.

f) **3** മാസത്തെ വാടക തുക അഡ്വാൻസ് ഇനത്തിൽ കരാർ ഒപ്പ് വയ്ക്കുന്നതിന് മുന്നോടിയായി അടക്കേണ്ടതാണ്.

g) **2** മാസത്തിലധികം വാടക അടയ്ക്കാതിരുന്നാൽ ടി കടമുറി മുസിരിസ് പ്രോജെക്ട്സ് ലിമിറ്റഡ് തിരികെ ഏറ്റെടുക്കുന്നതാണ്.

5. വാടക കരാർ

a) ദർഘാസ് അംഗീകരിച്ച് കിട്ടുന്നയാൾക്ക് രേഖാമൂലം ആയത് സംബന്ധിച്ച് അറിയിപ്പ് നൽകുന്നതും അറിയിപ്പ് തീയതി മുതൽ **15** ദിവസത്തിനുള്ളിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് മുസിരിസ് പൈതൃക പദ്ധതി ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതും വാടക കരാർ ഒപ്പ് വയ്ക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം

ടിയാന്റെ നിരതദ്രവ്യം കണ്ടുകെട്ടുന്നതും മേലിൽ മുസിരിസ് പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടറുകളിൽ പങ്കെടുക്കാത്ത നിലയിൽ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുമാണ്.

b) അറിയിപ്പ് കത്തിൽ പറഞ്ഞിരിക്കുന്ന സമയത്തിനു ശേഷം യാതൊരു കാരണവശാലും കരാർ ഒപ്പ് വയ്ക്കുന്നതിന് സമയം അനുവദിക്കുന്നതല്ല.

c) വാടക കരാറിന്റെ കാലാവധി കരാർ ഒപ്പ് വയ്ക്കുന്ന തീയതി മുതൽ നാല് വർഷത്തേയ്ക്ക് മാത്രമായിരിക്കും. കരാർ കാലാവധിക്ക് ശേഷം ടി കരാർ സ്വമേധയാ റദ്ദാകുന്നതും വാടകക്കാരൻ ടി കടമുറി ഒഴിയേണ്ട തുമാണ്.

d) വാടക കരാറിന്റെ പേരിൽ യാതൊരുവിധ അവകാശമോ അധികാരമോ കടമുറി വാടകയ്ക്കെടുത്തയാളിന് ടി കടമുറിയുടെ മേൽ ഉണ്ടായിരിക്കുന്നതല്ല. കടമുറിയുടെ പരിപൂർണ്ണമായ ഉടമസ്ഥാവകാശം മുസിരിസ് പൈതൃക പദ്ധതിക്ക് മാത്രമായിരിക്കും

e) സെക്യൂരിറ്റി ഡിപ്പോസിറ്റ് അടച്ച ശേഷം 7 ദിവസത്തിനുള്ളിൽ വാടക കരാർ ഒപ്പ് വയ്ക്കാത്തവരുടെ സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടുന്നതും തൊട്ടടുത്ത സ്ഥാനക്കാരന്റെ ദർഘാസ് അംഗീകരിക്കുന്നതിനോ റീ ദർഘാസ് നടത്തുന്നതിനോ മുസിരിസ് പൈതൃക പദ്ധതിക്ക് അധികാരമു ണ്ടായിരിക്കുന്നതാണ്.

f) കരാറിൽ പറഞ്ഞിരിക്കുന്ന കാലാവധിക്ക് ശേഷം വാടകക്കാരൻ കടമുറി ഒഴിയാൻ കാലതാമസം നേരിട്ടാൽ ടി കടമുറി അധികമായി കൈവശം വച്ച ഓരോ ദിവസവും **250** രൂപ വീതം പിഴയായി ഈടാക്കുന്നതിനും കടമുറിയിൽ നിന്ന് വാടകക്കാരനെ ഒഴിപ്പിച്ച് കടമുറി പൂട്ടി സീൽ ചെയ്യുന്നതിനും മുസിരിസ് പൈതൃക പദ്ധതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

6. ഫോട്ടോ

a) ആറുമാസത്തിനുള്ളിൽ എടുത്തിട്ടുള്ള **2** പാസ്പോർട്ട് സൈസ് ഫോട്ടോകളിൽ ഒരെണ്ണം ദർഘാസ് ഫോറത്തിൽ നിർദ്ദിഷ്ട പേജിൽ പതിക്കേണ്ടതും മറ്റൊരെണ്ണം പ്രത്യേകം കവറിലാക്കി ദർഘാസ് ഫോറ ത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.

b) ഡിജിറ്റൽ പ്രിന്റ് ഉപയോഗിക്കാൻ പാടുള്ളതല്ല

7. തിരിച്ചറിയൽ കാർഡ്

ദർഘാസ് ഫോറത്തിനൊപ്പം ആധാർകാർഡ്/ ഇലക്ഷൻ ഐഡന്റിറ്റി കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്. പകർപ്പ് ഇല്ലാത്ത ദർഘാസ് അംഗീകരിക്കുന്നതല്ല.

6. പൊതു നിബന്ധനകൾ

a. കടമുറിയിൽ ഏതെങ്കിലും വിധത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളതല്ല. കരാറിൽ പറഞ്ഞിരിക്കുന്ന ആവശ്യത്തിനല്ലാതെ കടമുറി മറ്റേതെങ്കിലും കച്ചവട ആവശ്യത്തിനോ പ്രവർത്തനങ്ങൾക്കോ ഉപയോഗിക്കാൻ പാടുള്ളതല്ല.

b. കടമുറിക്ക് ഏതെങ്കിലും തരത്തിലുള്ള കൂട്ടി ചേർക്കലുകളോ വ്യതിയാനങ്ങളോ വരുത്താൻ പാടുള്ളതല്ല.

c. കരാർ കാലയളവിൽ കടമുറിക്ക് ഏതെങ്കിലും വിധത്തിൽ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന പക്ഷം ആയത് വാടകക്കാരൻ സ്വന്തം ചിലവിൽ പരിഹരിച്ചു കൊള്ളേണ്ടതാണ്.

d. ജലം വൈദ്യുതി എന്നിവയുടെ ബില്ലുകൾ വാടകക്കാരൻ മുടക്കം കൂടാതെ അടയ്ക്കേണ്ടതും ആയതിന്റെ പകർപ്പ് മാസാമാസം ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.

e. കരാറിൽ പറഞ്ഞിട്ടുള്ള അളവിലുള്ള സ്ഥലം മാത്രമേ കച്ചവട ആവശ്യത്തിന് ഉപയോഗിക്കാൻ പാടുള്ളൂ.

f. കടമുറി മറ്റാർക്കെങ്കിലും ഏതെങ്കിലും വിധത്തിൽ കൈമാറ്റം ചെയ്യുകയോ കീഴ് വാടകയ്ക്കു നൽകുക യോ കടപ്പെടുത്തുകയോ പാടില്ലാത്തതും, ടി വ്യവസ്ഥ ലംഘിക്കപ്പെട്ടുവെന്ന് മുസിരിസ് പൈതൃക പദ്ധതിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം, വാടകക്കരാർ റദ്ദ് ചെയ്യുന്നതും, സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടുന്നതു മായിരിക്കും.

g. വാടകക്കെടുത്ത മുറിയിൽ കഫ്റ്റീരിയ, റെസ്റ്റോറന്റ്, ഐസ്ക്രീംസ്റ്റാൾ, ബേക്കറി തുടങ്ങിയ ഭക്ഷണ അനുബന്ധമായ കാര്യങ്ങൾക്കു മാത്രമായി ഉപയോഗിക്കേണ്ടതാണ്.

h. പ്രസ്തുത കഫ്റ്റീരിയ/ഫുഡ്സ്റ്റാൾ മികച്ച രീതിയിൽ പ്രവർത്തിക്കാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. ടൂറിസം കേന്ദ്രത്തിനു അനുയോജ്യമാവും വിധം കഫ്റ്റീരിയ/ഫുഡ്സ്റ്റാൾ അകവും പുറവും മോടി പിടിപ്പിക്കേണ്ടതും പൈതൃക ടൂറിസം പദ്ധതിയെ ഓർമിപ്പിക്കും വിധം തീമാറ്റിക് (പ്രമേയപരമായ) ആക്കേണ്ടതുമാണ്.

i. ഭക്ഷണ സംബന്ധമായ സ്ഥാപനം തുടങ്ങന്നതിനാൽ വാടകക്കാരൻ ***fssai*** പ്രകാരമുള്ള മുഴുവൻ മാനദണ്ഡങ്ങളും പാലിക്കേണ്ടതും സർക്കാർ, തദ്ദേശസ്ഥാപനങ്ങൾ, ഭക്ഷ്യവകുപ്പ്, ആരോഗ്യവകുപ്പ് തുടങ്ങി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിൽ നിന്നും എല്ലാ വിധ ലൈസൻസുകൾ, അംഗീകാരങ്ങൾ എന്നിവ നേടിയിരിക്കേണ്ടതും, അതിന്റെ പകർപ്പുകൾ **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റഡ്** ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

j. പ്രതിമാസ വാടകയിൽ വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജുകൾ ഉൾപ്പെടുന്നില്ല.

k. **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റ**ഡിന്റെ അനുമതിയില്ലാതെ വാടകക്കാരൻ മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.

l. വാടകക്കെടുത്ത മുറിയുമായി ബന്ധപ്പെട്ട് പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള എല്ലാ നിയമങ്ങളും വാടകക്കാരൻ പാലിക്കുകയും, വാടകക്കെടുത്ത മുറിയിൽ/വസ്തുവിൽ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

m. **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റ**ഡിന്റെ അനുമതിയില്ലാതെ വാടകക്കെടുത്ത മുറിയിൽ/വസ്തുവിൽ നിർമ്മാണം നടത്തുവാനോ, എന്തെങ്കിലും മാറ്റം വരുത്തുവാനോ പാടുള്ളതല്ല.

n. വാടകക്കാരൻ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഏതെങ്കിലും അറ്റകുറ്റപണിയ്ക്കൊ, പൊതുവായ പരിശോധനയ്ക്കോ വേണ്ടി വാടകയ്ക്ക് എടുത്ത കെട്ടിടത്തിലേക്ക് പ്രവേശിക്കാൻ **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റ**ഡിന്റെ ഉദ്യോഗസ്ഥർക്ക് അവകാശമുണ്ട്.

o. വാടകക്കാരൻ നിയമവിരുദ്ധമായ പ്രവർത്തങ്ങളിൽ ഏർപ്പെടുകയോ, കുറ്റകരമോ, അപകടകരമോ, സ്ഫോടനാത്മകരമോ ആയ വസ്തുക്കളൊന്നും കെട്ടിടത്തിലും, പരിസരങ്ങളിലും സൂക്ഷിക്കുവാൻ പാടുള്ളതല്ല.

p. പ്രസ്തുത കഫ്റ്റീരിയ/ഫുഡ്സ്റ്റാൾ സർക്കാരിന്റെ " ഗ്രീൻ പ്രോട്ടോകോൾ" പ്രകാരം പ്രവർത്തിക്കേണ്ടതാണ്.

q. ക്വട്ടേഷൻ ലഭിച്ച ആൾ **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റ**ഡുമായി **15** (പതിനഞ്ചു) ദിവസത്തിനുള്ളിൽ കരാർ വെച്ച് കടമുറി ഏറ്റെടുത്ത് പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

r. ഈ ടെൻഡറിന്റെ നിബന്ധനകൾക്ക് മാറ്റം വരുത്തുവാനും, കരാറുകാരനെ തീരുമാനിക്കുവാനുള്ള അധികാരവും **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റ**ഡിന്റെ മാനേജിങ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

s. ഈ ടെൻഡറിനോട് ബന്ധപ്പെട്ട എല്ലാ അന്തിമ തീരുമാനങ്ങളും **മുസിരിസ് പ്രൊജെക്ട്സ് ലിമിറ്റ**ഡിന്റെ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

t. കച്ചവടം നടത്തുന്നതിന് നിയപരമായി നടത്തേണ്ട നടപടിക്രമങ്ങൾ വാടകക്കാരൻ പൂർണ്ണമായും പാലിക്കേണ്ടതാണ്.

u. കച്ചവട ആവശ്യത്തിലേയ്ക്ക് അടയ്ക്കേണ്ട നികുതികൾ വാടകക്കാരൻ നിർബന്ധമായും അടയ്ക്കേണ്ടതാണ്.

v. ഏത് സാഹചര്യത്തിലും ദർഘാസ് സംബന്ധിച്ച എല്ലാ കാര്യങ്ങളുടേയും അന്തിമ തീരുമാനം മാനേജിംഗ് ഡയറക്ടർ, മുസിരിസ് പൈതൃക പദ്ധതിയുടേതായിരിക്കും.

w. കാരണം കൂടാതെ ദർഘാസ് റദ്ദു ചെയ്യുന്നതിനോ മാറ്റി വെയ്ക്കുന്നതിനോ ഉള്ള അധികാരം മുസിരിസ് പൈതൃക പദ്ധതി, മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

ദർഘാസ് ഫോറത്തിനൊപ്പമുള്ള മുസിരിസ് പൈതൃക പദ്ധതിയുടെ ദർഘാസ് ഉപാധികളും വ്യവസ്ഥകളും പൂർണ്ണമായി വായിച്ചു മനസിലാക്കിയിട്ടുള്ളതും ആയത് മുഴുവൻ അംഗീകരിച്ച് ഈ ദർഘാസ് സമർപ്പിച്ചിട്ടുള്ളതുമാണ്.

==========

==